മസം കൂടാതെ പ്രതികളെ പിടികൂടുന്നതിനും കേസ്സന്വേഷണം പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരികയാണ്. കേസ്സ് അന്വേഷണത്തിലാകയാൽ മറ്റുവിശദാംശങ്ങൾ ഇപ്പോൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(എഫ്) ഇന്റലിജൻസ് ഡി.ഐ.ജി,. യുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം 20-12-99 വരെ കണ്ണൂർ, കോഴിക്കോട് ജില്ലകളിൽപ്പെട്ട 45 സ്ഥലങ്ങളിൽ റെയ്ഡ് നടത്തിയിട്ടുണ്ട്. ഇതിൽ എല്ലാ രാഷ്ട്രീയപാർട്ടികളുടെ ഓഫീസുകളും മറ്റ് ബന്ധപ്പെട്ട കേന്ദ്രങ്ങളും ഉൾപ്പെടും.

**52 (1647) അങ്കമാലി ലിറ്റിൽഫ്ളവർ ആശുപത്രിയിൽ അക്രമം**

ശ്രീ. പി.ജെ. ജോയി :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-ൽ എപ്പോഴെങ്കിലും അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ അക്രമം നടന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരാണ് അക്രമം നടത്തിയത്;

(സി) എന്തെല്ലാം അക്രമങ്ങളാണ് അവിടെ നടത്തിയത്;

(ഡി) ഈ അക്രമത്തിൽ എന്തെല്ലാം നാശനഷ്ടങ്ങളുണ്ടായി;

(ഇ) എന്തു തുകയ്ക്കുള്ള നാശനഷ്ടങ്ങൾ ഈ ആശുപത്രിയിലുണ്ടായി;

(എഫ്) ഈ നാശനഷ്ടങ്ങൾക്ക് ഗവൺമെന്റ് എന്തെങ്കിലും നഷ്ടപരിഹാരം നൽകിയോ; എങ്കിൽ എന്തു തുക ;

(ജി) ഏത് അക്കൗണ്ടിൽപ്പെടുത്തിയാണ് ഈ തുക നൽകിയത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)-(ഡി) ചികിത്സയിലിരുന്ന ഒരു രോഗിക്ക് രക്തം നൽകാൻ വന്ന ആളെ ആശുപത്രി ജീവനക്കാർ തടഞ്ഞതിനെത്തുടർന്ന് 23-6-99-ൽ ഒരുകൂട്ടം അക്രമാസക്തരായ ആളുകൾ നടത്തിയ അക്രമത്തിൽ ആശുപത്രിക്കെട്ടിടത്തിനും ഉപകരണങ്ങൾക്കും കേടുപാടുകൾ സംഭവിച്ചു.

(ഇ) 1,72,000/- രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി തിട്ടപ്പെടുത്തിയിട്ടുണ്ട്.

(എഫ്) 1,72,000/- രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

(ജി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നാണ് തുക നൽകിയത്.

**53 (1648) സ്കൂൾ വിദ്യാർത്ഥിയെ തട്ടിക്കൊണ്ടുപോകാൻ ശ്രമം**

ശ്രീ. ഏഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly